**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1727** **29-09-2025 - ൽ മറുപടിയ്ക്ക്**

**കോൾമേഖലയിലെ നെൽ കർഷകരുടെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ കോൾമേഖലയിലെ നെൽ കർഷകരുടെ പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്നത് സംബന്ധിച്ച് ബഹു. കൃഷി വകുപ്പ് മന്ത്രി, ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി, ബഹു. റവന്യൂ വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ കർഷകരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | *ഉണ്ട്. തൃശൂർ ജില്ലാ കോൾ കർഷക സംഘം ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച വിഷയത്തിൽ റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി, ജലവിഭവം, ഉന്നതവിദ്യാഭ്യാസം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ കോൾ കർഷക സംഘം പ്രസിഡന്റ്, സെക്രട്ടറി, മറ്റ് കോൾ - കർഷക സംഘം അംഗങ്ങൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് 13-08-2025-ന് യോഗം ചേർന്നിട്ടുള്ളതാണ്.* |
| (ബി) | ചർച്ചയിൽ കർഷകർ ഉന്നയിച്ച വിഷയങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | *പ്രസ്തുത യോഗത്തിൽ തൃശൂർ ജില്ലാ കോൾ കർഷക സംഘം ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.*<br>• *നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 35 രൂപ ആക്കണം.*<br>• *സംഭരണ വില സംഭരിച്ച് കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ നൽകുക.*<br>• *വെട്ടിക്കുറച്ച ഇൻസെന്റീവ് പുനഃസ്ഥാപിക്കുക.*<br>• *പമ്പിംഗ് സബ്സിഡി കൃത്യമായി വിതരണം ചെയ്യുക.*<br>• *കാലാവസ്ഥ വിള ഇൻഷ്വറൻസ് അടിയന്തിരമായി വിതരണം ചെയ്യുക.*<br>• *ജലനിയന്ത്രണത്തിന് നിർമ്മിച്ച കാലപ്പഴക്കം വന്ന റെഗുലേറ്ററുകളുടെ പുനർനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുക.*<br>• *ആവശ്യമായ കുമ്മായം സമയബന്ധിതമായി നൽകുക.* |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | *തൃശ്ശൂർ ജില്ലാ കോൾ കർഷക സംഘം ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങളിന്മേൽ അനുഭാവപൂർണ്ണവും സാധ്യമായതുമായ നടപടി സ്വീകരിക്കുവാൻ 13-08-2025-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു.* **സംസ്ഥാനത്തെ നെല്ലിന്റെ ഉൽപാദന ചെലവിന് ആനുപാതികമായ താങ്ങുവില സംസ്ഥാനത്തെ നെൽകർഷകർക്ക് ലഭ്യമാക്കണമെന്നും** *സംസ്ഥാനത്തിലെ ഉത്പാദന ചെലവിന് ആനുപാതികമായി നെല്ലിന് 40 രൂപ താങ്ങുവില നിശ്ചയിക്കണമെന്നും അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാരിന് കൃഷി വകുപ്പ് കത്ത് നൽയിട്ടുണ്ട്. 2025 ഒന്നാം വിള മുതൽ കർഷകർക്ക് കാലതാമസമില്ലാതെ ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഈ സാമ്പത്തിക വർഷം കുമ്മായ വിതരണത്തിനുള്ള 110.20988ലക്ഷം രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2024-25 സീസണിൽ തൃശ്ശൂർ ജില്ലയിൽ കോൾ മേഖലയിൽ 19367 കർഷകരിൽ നിന്നായി 49732.263 MT നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ 18855 കർഷകർക്ക് നെല്ലിന്റെ തുക (138,34,09,372 രൂപ) വിതരണം ചെയ്തു കഴിഞ്ഞു. ഇനി 512 കർഷകർക്ക് 2,50,08,316/- രൂപ മാത്രമാണ് വിതരണം ചെയ്യാനുള്ളത്. ടി കർഷകർ പാഡി റെസിപ്റ്റ് ഷീറ്റുമായി ബാങ്കിനെ സമീപിക്കുന്നതനുസരിച്ച് നെല്ലിന്റെ തുക PRS ലോണായി നൽകിവരുന്നു. PRS ഇനിയും ബാങ്കിൽ സമർപ്പിക്കാത്ത കർഷകർക്ക് കൃഷി ഭവൻ മുഖേന സപ്ലൈകോ അറിയിപ്പ് നൽകിയിട്ടുണ്ട്.*<br><br>*തൃശ്ശൂർ പുഞ്ച സ്പെഷ്യൽ ഓഫീസിന് 2025-26 സാമ്പത്തിക വർഷത്തിൽ പമ്പിംഗ് സബ്സിഡിക്കായി അനുവദിച്ച ഫണ്ട് അതത് പാടശേഖരസമിതികൾക്ക് സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.* |

സെക്ഷൻ ഓഫീസർ